Vaniampara—Chelakkara Road.

237. മിസ്റ്റർ ടി. കെ. നായർ.—താഴെ പറയുന്ന ചോദ്യത്തിന്നു ദയവായി മറുപടി പറയാമൊ.—

(a) വാണിയമ്പാറ–ചേലക്കര റോഡു പണി എപ്പോഴാണു തുടങ്ങുന്നതു്;

(b) ൧൯൩൪-ൽ പണി തുടങ്ങുവാൻ ഉദ്ദേശമുണ്ടൊ;

(c) ൧൯൩൫-ൽ ൧൦,൦൦൦ ക. യും ൧൯൩൪-ൽ ൧൪,൦൦൦ ക. യും ബഡ്ജറ്റിൽ ചേർത്തതനുസരിച്ചു് ഇതുവരെ എന്തെങ്കിലും പണി നടത്തിയൊ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.— (a) & (b) ഒന്നൊ രണ്ടൊ മാസത്തിനുള്ളിൽ പണി തുടങ്ങുന്നതാണു്.

(c) വഴിയുടെ സ്ഥാനം തീർച്ചപ്പെടുത്തി കഴിയാഞ്ഞതിനാൽ പണി ൧൯൩൫-ൽ ആരംഭിക്കുവാൻ സാധിച്ചില്ല. വഴിയുടെ ഒന്നാം ഭാഗത്തിനു വേണ്ടതായ ഭൂമി സർക്കാരിൽനിന്നും എടുക്കുവാൻ വേണ്ട നടപടി നടത്തിവരുന്നുണ്ടു്.

മിസ്റ്റർ ടി. കെ. നായർ.—സർ. ഒന്നാംഭാഗം എന്നുവെച്ചാൽ എന്താണു്?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.— വടക്കൻ നാഴിക.

മിസ്റ്റർ ടി. കെ. നായർ.—ഇതു നടത്താൻ തുടങ്ങിയിട്ടു് എതു കാലമായി?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—ഏതാനും കഴിയാറായി. കഴിഞ്ഞുവെന്നുതന്നെ പറയാം.

Article in Mahati about the Police.

238. മിസ്റ്റർ ടി. കെ. നായർ.—(a) തൃപ്പൂണിത്തുറ പോലീസിന്റെ 'ക്രൌര്യം' എന്ന തലക്കെട്ടിൽ ഒരു ലേഖനം ൧൯൩൫ ധനു ൨൩-ാംതിയ്യതിയിലെ 'മഹതി'യിൽ പ്രസിദ്ധം ചെയ്തിട്ടുള്ളതു ശ്രദ്ധയ്ക്കുണ്ടു കാണുകയുണ്ടായൊ;

(b) അതിൽ പ്രസ്താവിച്ച ആക്ഷേപങ്ങൾ ശരിയാണൊ?

മിസ്റ്റർ പി. നീലകണ്ഠമേനോൻ.— (a) ഉവ്വു്.

(b) മുഴുവനും ശരിയല്ല. യഥാർത്ഥസംഭവങ്ങളെപ്പറ്റി അന്വേഷണം നടത്തിവരുന്നുണ്ടു്.

മിസ്റ്റർ ടി. കെ. നായർ.—ഇതിലെ യഥാർത്ഥ സംഭവങ്ങൾ എന്തെല്ലാം?

മിസ്റ്റർ പി. നീലകണ്ഠമേനോൻ.—ഇപ്പോൾ അന്വേഷണത്തിലിരിക്കുന്ന റിപ്പോർട്ടു് കിട്ടിയാൽ പറയാം.

പ്രസിഡെണ്ടു്.—അന്വേഷണം പൂർത്തിയായിട്ടില്ലെ?

മിസ്റ്റർ പി. നീലകണ്ഠമേനോൻ.—ഉടനെകിട്ടിയാൽ പറയാം.

മിസ്റ്റർ ടി. കെ. നായർ.—മുഴുവൻ ശരിയല്ലെന്നു കണ്ടതുകൊ

LIBRARY ARCHIVES Kerala Legislative Assembly